"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ആർ.ഡി.എ യിലെ പി.എം.ജി.എസ്.വൈ പദ്ധതിയുടെ നിർവ്വഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് വർധിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഡി)വകുപ്പ്**

G.O.(Rt)No.1558/2019/LSGD തീയതി,തിരുവനന്തപുരം, 23/07/2019

---

പരാമർശം:- 1 സ.ഉ.(പി)നം.28/2016/ധന തീയതി, 26.02.2016.

2 സ.ഉ(പി)നം.56/2017/ധന തീയതി, 28/04/2017

3 കെ.എസ്.ആർ.ആർ.ഡി.എ മെമ്പർ സെക്രട്ടറിയുടെ 29.04.2017, 18/08/2018 എന്നീ തീയതികളിലെ 1981/A/2017/KSRRDA നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക, ഒറ്റപ്പെട്ടുകിടക്കുന്ന ആവാസകേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിക്കുക എന്നീ കാഴ്ചപ്പാടോടുകൂടി 2000 ഡിസംബർ 25-ന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ പി.എം.ജി.എസ്.വൈ. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമീണ ആവാസ കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയിലും ഉപയോഗിക്കുവാൻ കഴിയുന്ന റോഡുകൾ നിർമ്മിക്കുകയെന്നതാണ് പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് അതാത് സംസ്ഥാനങ്ങളിലെ ഗ്രാമീണറോഡ് വികസന ഏജൻസികൾ മുഖേനയാണ്. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) ആണ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാനതല നിർവ്വഹണ ഏജൻസി. ജില്ലാതലത്തിൽ മേൽനോട്ട ചുമതല വഹിക്കുന്നത് അതാത് ജില്ലകളിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളാണ്(PIU). വിവിധ തസ്തികകളിലായി സ്ഥിര/താല്ക്കാലിക ജീവനക്കാർ ഉൾപ്പെട്ട ഉദ്യോഗസ്ഥ സംവിധാനമാണ് പദ്ധതി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ളത്.

2. കെ.എസ്.ആർ.ആർ.ഡി.എ യിലെ കരാർ/ദിവസ വേതനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വേതനം പരാമർശം 1 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം 3 പ്രകാരം മെമ്പർ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. 10 തസ്തികകളിലായി ആകെ 183 അനുവദിച്ചിട്ടുള്ള പോസ്റ്റുകളിൽ കരാർ/ദിവസവേതനത്തിൽ പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നിയമിക്കുന്നതെന്നും വേതനവർദ്ധനവിലൂടെ പ്രതിമാസം 18,45,625/- രൂപയുടെ അധികബാദ്ധ്യതയാണുണ്ടാകുന്നതെന്നും മെമ്പർ സെക്രട്ടറി അറിയിക്കുകയുണ്ടായി.

3. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന് കീഴിൽ വിവിധ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് വർധിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ PMGSY പദ്ധതിയിൽ കെ.എസ്.ആർ.ആർ.ഡി.എ യിലും ജില്ലാതല PIU വിലും ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് 2013 ൽ അംഗീകരിച്ചു നൽകിയ വേതന നിരക്കാണ് ഇപ്പോൾ നിലവിലുള്ളത് പി.എം.ജി.എസ്.വൈയുടെ Administrative Expense മാന്വൽ പാരാ 1.4.1 പ്രകാരം കേന്ദ്ര ഗവണ്മെന്റ് പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുകയുടെ 2.25% ഭരണ നിർവ്വഹണ ചെലവുകൾക്കായി അനുവദിക്കുന്നു. ഭരണ നിർവ്വഹണ ചെലവുകളിൽ നിന്ന് Purchase of vehicle, Payment of salaries, Purchase or Construction of Building, എന്നിവ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പാരാ 1.4.2 ൽ രണ്ടാമത്തെ sentence ൽ പ്രതിപാദിക്കുന്ന പ്രകാരം Cost of outsourcing of execution and Management related functions may also be paid out of administrative expenses within the limits prescribed എന്ന ശീർഷകത്തിൽപ്പെടുത്തി ഭരണ നിർവ്വഹണ ഫണ്ടിൽ നിന്നാണ് കരാർ ജീവനക്കാർക്ക് വേതനം ഇപ്പോൾ നൽകി വരുന്നത് എന്നും തുടർന്നും വേതന പരിഷ്കരണം അനുവദിക്കുന്ന പക്ഷം ആ ശീർഷകത്തിൽ നിന്നും വേതനത്തിനുള്ള തുക കണ്ടെത്താവുന്നതാണെന്നാണ് കെ.എസ്.ആർ.ആർ.ഡി.എ യിലെ എംപവേർഡ് ഓഫീസർ പരാമർശം (3) പ്രകാരം കരാർ ജീവനക്കാരുടെ വേതനം വർധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.ജി.എസ്.വൈ പദ്ധതിയിൽ കെ.എസ്.ആർ.ആർ.ഡി.എ യിലും ജില്ലാതല PIU വിലും ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ വേതനം താഴെ പറയും പ്രകാരം 01.08.2019 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

| Sl.No. | Post | Current rate | Proposed rate | Maximum Revised rate and Category(Category to be included as per GO(Rt)56/17/Fin dated 28/04/2017 based on the pay recommended by KSRRDA) |
|---|---|---|---|---|
| 1 | Accredited Engineer | 20000 | 35000 | Category X Contract Pay : 33925/- |
| 2 | Overseer | 11000 | 19000 | Category II Contract Pay : 18900 |
| 3 | Data Entry Operator Cum Accountant (KSRRDA/DPIU) | 14020 | 19000 | Category II Contract Pay : 18900/- |
| 4 | Typist | 10000 | 19000 | Category II Contract Pay : 18900/- |
| 5 | Senior Accountant | 12000 | 19000 | Category II Contract Pay : 18900/- |
| 6 | Office Assistant | 10625 | 16500 | Category I Contract Pay : 17325/- |
| 7 | IT Nodal Officer | 18000 | 35000 | Category x Contract Pay : 33925/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
ADDITIONAL SECRETARY

പകർപ്പ് :
ചീഫ് എഞ്ചിനീയർ, കെ.എസ്.എസ്.ആർ.ആർ.ഡി.എ, തിരുവനന്തപുരം
എംപവേർഡ് ഓഫീസർ,കെ.എസ്.എസ്.ആർ.ആർ.ഡി.എ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ.കെ.എം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ